## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1507** — **10-02-2020-ൽ മറുപടിക്ക്**

### ചെറുകിട ഇടത്തരം കർഷകരെ സഹായിക്കുന്നതിന് നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സ്വർണ്ണപണയ കാർഷിക വായ്പകൾ ഉടൻ തന്നെ കിസാൻ ക്രെഡിറ്റ് കാർഡ് മുഖേനയാക്കണമെന്നാവശ്യപ്പെട്ട് ഇടപാടുകാർക്ക് ബാങ്കുകൾ നോട്ടീസ് നൽകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സംസ്ഥാനത്തെ ചെറുകിട ഇടത്തരം കർഷകരെ സഹായിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബാങ്കുകൾ എല്ലാം തന്നെ സ്വർണ്ണപ്പണയത്തിന്മേലുള്ള കാർഷിക വായ്പ ഇപ്പോഴും തുടരുന്നുണ്ട്. എന്നാൽ നിലവിൽ കേന്ദ്ര സർക്കാർ നൽകിവരുന്ന ഹ്രസ്വകാല വിള ഉത്പാദന കാർഷിക വായ്പകൾക്കുള്ള പലിശ സബ്സിഡികൾ കിസാൻ ക്രെഡിറ്റ് കാർഡ് പദ്ധതിയിൽ വായ്പ എടുത്തിട്ടുള്ളവർക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ ചെറുകിട ഇടത്തര കർഷകരെ സഹായിക്കുവാനുള്ള നടപടികൾ കൃഷി വകുപ്പ് വഴി സ്വീകരിച്ചുവരുന്നു. പലിശ സബ്സിഡി ഇല്ലാതെ സ്വർണ്ണപ്പണയ കാർഷിക വായ്പ തുടരാവുന്നതുമാണ്.<br>സഹകരണ മേഖലയിലെ കാർഷിക വായ്പകളും കിസാൻ ക്രെഡിറ്റ് കാർഡ് മുഖേന നൽകണമെന്ന് സഹകരണ സംഘം രജിസ്ട്രാറുടെ 17/2017 നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് ബാങ്കുകൾ വായ്പകൾ നൽകുന്നത് നിർത്തിവയ്ക്കുകയും നേരത്തെ നൽകിയ വായ്പകൾക്ക് നോട്ടീസ് നൽകുകയും ചെയ്യുന്നത് കാർഷിക മേഖലയിൽ സൃഷ്ടിച്ചിരിക്കുന്ന ഗുരുതരമായ പ്രശ്നങ്ങൾ പരിഹരിക്കുവാൻ കൃഷി വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (ബി) | കാർഷിക ആവശ്യങ്ങൾക്കായി നൽകുന്ന സ്വർണ്ണപ്പണയ വായ്പ ബാങ്കുകൾ നിർത്തലാക്കിയിട്ടില്ല. ബാങ്കുകൾ എല്ലാം തന്നെ സ്വർണ്ണപ്പണയത്തിന്മേലുള്ള കാർഷിക വായ്പ ഇപ്പോഴും തുടരുന്നുണ്ട്. എന്നാൽ നിലവിൽ കേന്ദ്ര സർക്കാർ നൽകിവരുന്ന പലിശ സബ്സിഡികൾ കിസ്സാൻ ക്രെഡിറ്റ് കാർഡ് പദ്ധതിയിൽ വായ്പ എടുത്തിട്ടുള്ളവർക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. 2019 ഒക്ടോബർ 1 മുതൽ സ്വർണ്ണപ്പണയ കാർഷിക വായ്പ എടുത്തിട്ടുള്ള ഉപഭോക്താക്കൾ കിസ്സാൻ ക്രെഡിറ്റ് പദ്ധതി പ്രകാരം അർഹരാണെങ്കിൽ സ്വർണ്ണപ്പണയ കാർഷിക വായ്പ, ബാങ്കുകളുടെ നിബന്ധന പ്രകാരം കിസ്സാൻ ക്രെഡിറ്റ് കാർഡ് മുഖേനയാക്കി മാറ്റുന്ന പക്ഷം തുടർന്നും പലിശ സബ്സിഡിയ്ക്ക് അർഹരായിരിക്കും. ഇതിനായി ബാങ്ക് ശാഖകളെ സമീപിച്ച് കർഷകർ |

| | | | |
|---|---|---|---|
| | | | നടപടിക്രമങ്ങൾ പൂർത്തിയാക്കേണ്ടതുണ്ട്. അല്ലാത്ത പക്ഷം പലിശ സബ്സിഡികൾ ഇല്ലാതെ സ്വർണ്ണപണയ കാർഷിക വായ്പ തുടരാവുന്നതാണ്. ഇക്കാര്യം സംബന്ധിച്ച് കർഷകരെ ബോധവൽക്കരിക്കാൻ കൃഷി വകുപ്പിന്റെ നിർദ്ദേശ പ്രകാരം പത്രപ്പരസ്യങ്ങൾ നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ അർഹരായ എല്ലാ കർഷകർക്കും കിസാൻ ക്രെഡിറ്റ് കാർഡ് ലഭ്യമാക്കാൻ ഉള്ള നടപടികൾ കൃഷി വകുപ്പ് സ്വീകരിച്ചുവരുന്നു. ഇതിനായി കൃഷി ഭവൻ തലത്തിൽ ക്യാമ്പയിനുകൾ നടത്തിയിട്ടുണ്ട്. അർഹരായ ചെറുകിട ഇടത്തര കർഷകർക്ക് കൃഷി ആവശ്യത്തിനായി എടുക്കുന്ന സ്വർണ്ണപ്പണയ വായ്പയ്ക്കും പലിശ സബ്സിഡി നൽകണമെന്ന് ബാങ്ക് അധികൃതരോട് ആവശ്യപ്പെട്ടിട്ടുണ്ട്. ബാങ്ക് വായ്പകൾ സംബന്ധിച്ച പ്രശ്നങ്ങളിൽ കൃഷി വകുപ്പ് ഉദ്യോഗസ്ഥർ ഇടപെടുകയും പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തുകയും ചെയ്യുന്നുണ്ട്. കൂടാതെ പ്രസ്തുത വിഷയങ്ങൾ സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് സമിതി യോഗങ്ങളിൽ അവതരിപ്പിച്ച ബാങ്ക് അധികൃതരുടെ ശ്രദ്ധയിൽകൊണ്ടുവന്നിട്ടുണ്ട്. |
| (സി) | കിസാൻ ക്രെഡിറ്റ് കാർഡ് വഴി ഒരു ലക്ഷം രൂപയുടെ വായ്പ ലഭിക്കണമെങ്കിൽ സ്വന്തം പേരിൽ അര ഏക്കർ ഭൂമിയെങ്കിലും വേണമെന്ന വ്യവസ്ഥ സംസ്ഥാനത്തെ പാട്ടകൃഷിക്കാരെയും ചെറുകിട ഗ്രൂപ്പ് ഫാമിംഗ് കൃഷിക്കാരെയും ദോഷകരമായി ബാധിക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിന് കൃഷി വകുപ്പ് പരിഹാരം നിർദ്ദേശിക്കുമോ? | (സി) | ഒരു ലക്ഷം രൂപയുടെ വായ്പ ലഭിക്കണമെങ്കിൽ സ്വന്തം പേരിൽ അര ഏക്കർ ഭൂമിയെങ്കിലും വേണമെന്ന ഒരു പൊതുവ്യവസ്ഥ കിസാൻ ക്രെഡിറ്റ് കാർഡ് പദ്ധതിയിൽ ഇല്ല. ഒറ്റയ്ക്കും, കൂട്ടായും കിസാൻ ക്രെഡിറ്റ് കാർഡ് വായ്പ ലഭ്യമാണ്. കൃഷി ചെയ്യുന്ന ഭൂമിയുടെ അളവ്, ചെയ്യുന്ന കൃഷി, അതിനുള്ള കൃഷിച്ചെലവ്, വിളവെടുപ്പിനുശേഷമുള്ള സംഭരണം, മറ്റു ചെലവുകൾ, കർഷക കുടുബത്തിന്റെ ഉപഭോഗ ആവശ്യം എന്നിവ കണക്കിലെടുത്താണ് കിസാൻ ക്രെഡിറ്റ് കാർഡ് വഴി കാർഷിക വായ്പ അനുവദിക്കുന്നത്. ഓരോ ജില്ലയിലും ഓരോ വിളകൾക്ക് പ്രത്യേകമായ വായ്പാ തോത് (scale of finance) നിശ്ചയിച്ചിട്ടുണ്ട്. കൃഷിച്ചെലവ് നിർണയിക്കുന്നത് ജില്ലാതലത്തിലുള്ള ടെക്നിക്കൽ കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരമാണ്. ഇവയുടെയൊക്കെ അടിസ്ഥാനത്തിലാണ് വായ്പ തുക നിശ്ചയിക്കുന്നത്. |

സെക്ഷൻ ഓഫീസർ